## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1163** **06.02.2020 ൽ മറുപടിക്ക്**

## പെരുമ്പളം പാണാവള്ളി പാലം നിർമ്മാണം

| ചോദ്യം<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ പെരുമ്പളം പാണാവള്ളി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | പ്രവൃത്തിയുടെ പുരോഗതി കാണിക്കാത്തതിനാൽ മുമ്പ് കരാറെടുത്തിരുന്ന കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ഈ പ്രവൃത്തി 23.12.2019 – ൽ റീ ടെണ്ടർ ചെയ്യുകയും 31.01.2020-ൽ ടെണ്ടറുകൾ തുറന്നിട്ടുള്ളതുമാണ്. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ബി) | എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്; സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന് 95.83 കോടി രൂപയുടെ സാമ്പത്തികാംഗീകാരം കിഫ്ബിയിൽ നിന്ന് ലഭിച്ചു. 95.861 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | ഭൂമി ഏറ്റെടുക്കൽ നടപടി എവിടം വരെ എത്തി എന്നറിയിക്കുമോ; | (സി) | പ്രസ്തുത പാലം നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) | ആരംഭിച്ചിട്ടില്ല, പ്രവൃത്തി കരാർ ഉറപ്പിച്ച് 30 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ